GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13th October 2015

## ഔദ്യോഗിക വാഹനം ഔദ്യോഗികാവശ്യങ്ങൾക്കുമാത്രം: തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിലവിൽ വന്ന പെരുമാറ്റച്ചട്ട പ്രകാരം ഔദ്യോഗിക വാഹനം, ഔദ്യോഗികമായ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാവൂ എന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും, ഭാരവാഹികളും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത്കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനാലാണ് കർശന നടപടി. വാഹനങ്ങൾ, ഔദ്യോഗികാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതും, ഔദ്യോഗികാവശ്യത്തിനെന്ന വ്യാജേന തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുന്നതും കർശനമായി തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും കമ്മീഷൻ നിർദ്ദേശം നല്കി.

*(എസ്.ഇ.സി...98/2015)*

## തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം: സംശയ നിവാരണത്തിനായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ വന്ന പെരുമാറ്റ ചട്ടങ്ങളെ സംബന്ധിച്ച സംശയ നിവാരണത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷനിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചു. രാഷ്ട്രീയ പാർട്ടി പ്രതിനിധികളിൽ നിന്നും സ്ഥാനാർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും ലഭിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം. സംശയ നിവാരണം നടത്തുന്നതിനും, പരാതികളിൻമേൽ തുടർ നടപടി നിർദ്ദേശിക്കുന്നതിനും ആവശ്യമുള്ള വിശദീകരണം ലഭിക്കുന്നതിനുമായി ചുവടെ പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

| പേര് | സ്ഥാനപ്പേര് | ലാന്റ് ഫോൺ നമ്പർ | മൊബൈൽ നമ്പർ |
|---|---|---|---|
| എൻ.ഇ.മേഘനാദ് | കൺസൾട്ടന്റ് | 0471-2326148 | 8281000128 |
| പി.ഒ.ജോസ് | ലാ ഓഫീസർ | 0471-2334733 | 8281000122 |
| എം.എസ്.ശ്രീകല | സെക്ഷൻ ഓഫീസർ | 0471-2325048 | 8281000131 |

ഫോണിലൂടെയും മറ്റുമുള്ള സംശയങ്ങൾക്കും, പരാതികൾക്കും മറുപടി നല്കുന്നതിനായുള്ള സംശയനിവാരണ/പരാതി പരിഹാര സെല്ലിൽ താഴെ കൊടുത്തിരിക്കുന്നനമ്പറുകളിൽ ബന്ധപ്പെടാം.

| പേര് | സ്ഥാനപ്പേര് | ലാന്റ് ഫോൺ നമ്പർ | മൊബൈൽ നമ്പർ |
|---|---|---|---|
| കെ.റ്റി.ജോർജ് | കമ്മീഷണറുടെ പി.എസ് | 0471-2320765 | 8281000129 |
| കെ.വി.മുരളീധരൻ | അഡീഷണൽ സെക്രട്ടറി | 0471-2334734 | 8281000120 |
| ഈപ്പൻ ഫ്രാൻസിസ് | ജോയിന്റ് സെക്രട്ടറി | 0471-2325058 | 8281000125 |
| സി.രാധാകൃഷ്ണകുറുപ്പ് | ജോയിന്റ് സെക്രട്ടറി | 0471-2320516 | 8281000126 |

*(എസ്.ഇ.സി...99/2015)*

(തുടരുന്നു....1/2)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (13.10.2015)

## വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ആവശ്യമായ കമ്പ്യൂട്ടർ സിസ്റ്റം ഉറപ്പുവരുത്താൻ നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിനായി നിശ്ചയിച്ചിട്ടുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ആവശ്യമായ കമ്പ്യൂട്ടർ സിസ്റ്റം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരുക്കുന്ന സ്വീകരണ - വിതരണ - വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവർത്തനക്ഷമമായതും, ഇന്റർനെറ്റ് സൗകര്യമുള്ളതുമായ ആറ് കമ്പ്യൂട്ടറുകൾ ഉണ്ടായിരിക്കണം. മുനിസിപ്പാലിറ്റി കോർപ്പറേഷൻ തല കേന്ദ്രങ്ങളിൽ നാല് വീതം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടായിരിക്കണം. ഇവ സജ്ജീകരിക്കുവാൻ എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും, മുനിസിപ്പാലിറ്റി- കോർപ്പറേഷൻ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകാൻ ഗ്രാമവികസന കമ്മീഷണറോടും, നഗരകാര്യ ഡയറക്ടറോടും കമ്മീഷൻ ആവശ്യപ്പെട്ടു.

*(എസ്.ഇ.സി...100/2015)*

## നാമനിർദ്ദേശപത്രിക സമർപ്പണം ഇന്ന് അവസാനിക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം ഇന്ന് (ഒക്ടോബർ 14) ആണ്. ബന്ധപ്പെട്ട വരണാധികാരിയുടേയോ, അസിസ്റ്റന്റ് വരണാധികാരിയുടേയോ മുമ്പാകെ ഇന്ന് രാവിലെ 11 മണി മുതൽ ഉച്ചക്കുശേഷം മൂന്ന് മണി വരെ പത്രിക സമർപ്പിക്കാം. നിശ്ചിത സമയത്തിനുള്ളിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനായി വരണാധികാരി യുടെയോ അസിസ്റ്റന്റ് വരണാധികാരിയുടെയോ ഓഫീസിൽ സന്നിഹിതരായിട്ടുള്ളവരുടെ പത്രികകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മൂന്ന് മണിക്കുള്ളിൽ തന്നെ സ്വീകരിയ്ക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. ഒക്ടോബർ 15-ന് ആണ് സൂക്ഷ്മപരിശോധന. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഒക്ടോബർ 17 ആണ്.

*(എസ്.ഇ.സി...101/2015)*